**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2984** **28-02-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സേവനങ്ങൾ നൽകി വരുന്നു. സംസ്ഥാന ആവിഷ്കൃത പദ്ധതിയായ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ) തുടങ്ങിയ പദ്ധതികൾ വഴി നടപ്പിലാക്കുന്ന വിവിധ മത്സ്യകൃഷികൾക്ക് മത്സ്യകൃഷി രീതികൾക്കനുസൃതമായ സബ്സിഡികൾ നൽകി വരുന്നു. ഇതിന് പുറമെ ടി പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യ കർഷകർക്ക് പരിശീലന പരിപാടികൾ, സാങ്കേതിക സഹായങ്ങൾ എന്നിവയും നൽകി വരുന്നു.<br><br>2022-23 സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി കാർപ്പ് മത്സ്യകൃഷിയ്ക്കായി സൗജന്യ മത്സ്യക്കുഞ്ഞുങ്ങളെയും ആസാംവാള മത്സ്യകൃഷിയ്ക്കായി മത്സ്യക്കുഞ്ഞുങ്ങളുടെ 70% സബ്സിഡിയും നൽകി വരുന്നു. കൂടാതെ പടുതാക്കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോ ക്ക് മത്സ്യകൃഷി തുടങ്ങിയവയ്ക്ക് 70% മത്സ്യക്കുഞ്ഞുങ്ങളുടെയും 40% തീറ്റയുടെയും സബ്സിഡി നൽകി വരുന്നു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ ഭാഗമായി റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് യൂണിറ്റ്, പിന്നാമ്പുറത്തെ അലങ്കാര മത്സ്യകൃഷി യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. 7.5 ലക്ഷം രൂപ യൂണിറ്റ് ചെലവ് വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് യൂണിറ്റ് എന്നീ പദ്ധതികൾക്കും, 3 ലക്ഷം രൂപ യൂണിറ്റ് ചെലവ് വരുന്ന പിന്നാമ്പുറത്തെ അലങ്കാര മത്സ്യകൃഷി യൂണിറ്റിനും ജനറൽ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40% സബ്സിഡിയും എസ്.സി./എസ്.റ്റി വനിതാ വിഭാഗത്തിന് 60% സബ്സിഡിയും നൽകി വരുന്നു. |
| (ബി) | മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് സേവനം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന പഞ്ചായത്തുകളിൽ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>**<u>ജനകീയ മത്സ്യകൃഷി നടപ്പിലാക്കി വരുന്ന മുനിസിപ്പാലിറ്റി /പഞ്ചായത്തുകൾ</u>**<br><br>ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി<br><br>വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്<br><br>മാടപ്പള്ളി ഗ്രാമപഞ്ചായത്ത്<br><br>തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്<br><br>പായിപ്പാട് ഗ്രാമപഞ്ചായത്ത്<br><br>കുറിച്ചി ഗ്രാമപഞ്ചായത്ത്<br><br>**<u>സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയ മുനിസിപ്പാലിറ്റി /പഞ്ചായത്തുകൾ</u>**<br><br>ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി<br><br>വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്<br><br>തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്<br><br>കുറിച്ചി ഗ്രാമപഞ്ചായത്ത്<br><br>**<u>പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന നടപ്പിലാക്കുന്ന മുനിസിപ്പാലിറ്റി/ പഞ്ചായത്തുകൾ</u>**<br><br>ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി<br><br>തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്<br><br>മാടപ്പള്ളി ഗ്രാമപഞ്ചായത്ത്<br><br>പായിപ്പാട് ഗ്രാമപഞ്ചായത്ത്<br><br>കുറിച്ചി ഗ്രാമപഞ്ചായത്ത്<br><br>വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് |

സെക്ഷൻ ഓഫീസർ